
# വചസ്സ്









കൂട്ടുകാരെ

കുഴിമതിക്കാട് ഗവണ്മെന്റ് എച്ച്.എസ് .എസ് ലെ 2019-21.ബാച്ച് ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ തയാറാക്കിയ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു .

ഞങ്ങളുടെ കൊച്ചു കൊച്ചു മോഹങ്ങളും ,സ്വപ്നങ്ങളും ,വിഹ്വലതകളും , സന്തോഷങ്ങളും ഇവിടെ പങ്കുവയ്ക്കുന്നു .

കാലത്തോട് കലഹിക്കുന്നവരാണല്ലോ കലാകാരന്മാർ .

അതുകൊണ്ടു തന്നെ

"കാലമിനിയുമിരുളും വിഷുവരും ,വർഷംവരും,തിരുവോണംവരും ,
പിന്നെ ഓരോതളിരിനും പൂവരും കായ്‌വരും -അപ്പോൾ
ആരെന്നും എന്തെന്നും ആർക്കറിയാം" എന്ന കവി വചനം ഓർക്കുന്നു .

അപ്പോഴും വാക്ക് അഥവാ "വചസ്സ് "അനശ്വരമായി തന്നെ നിൽക്കും



എല്ലാവിധ സ്നേഹാദരങ്ങളോടെ എഡിറ്റർ

നന്ദന പ്രമോദ് IX.A

## കാർമുകിലിന്റെ കമിതാവ്

ഉമഴയായി പെയ്യാൻ  ഉളുമ്പുന്ന കാർമേഘമേ
വാനമാകുന്ന നീലപ്പരവതാനിയിൽ
കരിനിഴലാകുന്ന നീ എന്നിലെ പ്രണയമാകുന്നു
അറിയാതെ എൻ മനം നിനക്കായ് തുടിക്കുന്നു
മനോഹരമാണ് വൃഷ്ടി പെയ്യ്ക്കുന്ന നീരദമേ
നിന്നെ ഞാൻ പ്രണയിക്കുന്നു
ചിലപ്പോഴങ്കിലും നീ എൻ
രക്ഷാകവചമാകുന്നു
നിന്നെ മുറിപ്പെടുത്തും വണ്ണം
ആർത്തിരമ്പി വരുന്നു മേഘനാദം
നിന്നെ വെട്ടി പിറന്നവൻ എന്നെ
ഭയചകിതനാക്കുന്നു
ഇടവേളയില്ലാത്തവൻ വരുമ്പോൾ
നിന്നെലെ നൊമ്പരം ഞാനറിയുന്നു
നീ എത്ര കറുമ്പിയായാലും  ഞാൻ
നിന്നിലെ പ്രണയമാകുന്നു നീ എന്നിലേയും
നീ എന്നിൽ പ്രണയം പുഷ്പിപ്പിച്ചു
ഒരുനാളും പൂവിടാത്തൊരു പ്രണയം .

നന്ദന IX.A

## മർത്യജീവിതം

മറവിൽ അലിഞ്ഞുചേർന്ന മർത്യൻ ജീവിതം എന്തെന്ന് മറന്നുപോയി
നന്മയെന്തെന്നറിയാതെയാണവൻ ജീവിതം മുമ്പോട്ട് നീക്കുന്നത്
പണമെന്ന ക്രൂരനായി ജീവിതം വിറ്റഴിച്ചവനിന്നു നാശമായി തീർന്നിടുന്നു
രാജകീയജീവിതത്തിനായി മല്ലടിക്കുന്ന ജനം ജീവന് വേണ്ടി യാചിച്ചിടും
എല്ലാമറന്നു ഒരുമിച്ചു ഭക്ഷിച്ചു നിദ്രയിൽ ആളുന്ന നേരം വരും
ഭ്രമിതൻ നിലവിളി കേൾക്കാതെ പോയിട്ടു അനുഭവിച്ചീടുന്നു മർത്യൻ എങ്ങും
പണമല്ല വലുതെന്നും അതിലും വലുതായി പലതുമുണ്ടെന്നവൻ തിരിച്ചറിയും
എല്ലാം മറന്നു ക്രൂരതയിലാടുന്ന മർത്യനു നൽകാനായി പാഠങ്ങൾ ഏറെയായി
മലകൾ നികത്തി കുടിലുകൾ വച്ചവൻ മരണത്തെ കൂവി വിളിച്ചിടുന്നു
ആഗ്രഹം നല്ലതാണെങ്കിലും അത്യാഗ്രഹം മർത്യനെ ആപത്തിലാക്കുന്നു
ജീവിതം എന്തെന്നറിയാതെയാണവൻ നാശത്തിലേക്കു മുന്നേറുന്നത്
ആവശ്യമുള്ളപ്പോൾ മാത്രമായി മർത്യന്റെ ഏരിയ സൽപ്രവർത്തി
എതിരേറ്റു വിജയിച്ച നിമിഷങ്ങളിലവൻ ഇരുളുന്ന പ്രവർത്തികൾക്കടിമയായി
ആരെയും കേൾക്കാതെ മുന്നേറുമാ മർത്യൻ ഉരുകി ഉരുകി നാശമായി തീരും

ജെസ്ന ഫാത്തിമ .എസ് ,9A



# തോരാത്ത കണ്ണീർമഴ

സ്കൂൾബാഗുംതൂക്കി ആ കുട്ടി ബസ്സിന്റെ കമ്പിയിൽ പിടിച്ച് കയറുന്നത് ഞാൻ പിൻസീറ്റിലിരുന്ന് കണ്ടു.പിന്നെ അവന്റെ ഓരോ ചലനവും ഞാൻ ശ്രദ്ധിക്കുകയായിരുന്നു.ബസ്സ് പെട്ടെന്ന് ഓടാൻ തുടങ്ങിയപ്പോൾ അവൻ ഒരു മോഡേൺ വസ്ത്രധാരിയായ സ്ത്രീയുടെ മുകളിലേക്ക് മറിഞ്ഞുവീണു.ആദ്യം ആ സ്ത്രീ ഒന്നും മിണ്ടിയില്ല.രണ്ടാമതും ഇതുപോലെതന്നെ സംഭവിച്ചപ്പോൾ അവർ പറഞ്ഞു. :ഹും അസത്തേ, ;നിനക്ക് കൈയ്യില്ലാഞ്ഞിട്ടൊന്നുമല്ലല്ലോ, പിടിച്ചോണ്ടോട്ട് നിൽക്ക്. മൂന്നാമതും ഇതുപോലെതന്നെ സംഭവിച്ചു. ദാ, നിന്നെ ഈ ബസ്സിൽ നിന്ന് ഞാൻ ഇറക്കിവിടും. അങ്ങനെ അവർ അവനെ കുറേ ശകാരിച്ചു. അവൻ ഒന്നും മിണ്ടിയില്ല.അവൻ അവരെ ദയനീയമായൊന്നു നോക്കി. സ്കൂളിലെത്തിയപ്പോൾ ഞാൻ അവനോടു ചോദിച്ചു: നിന്റെ പേരെന്താണ്? എന്റെ പേര് രാമു എന്നാണ്. അവൻ മറുപടി പറഞ്ഞു. നീ എന്താണ് ബസ്സിൽ കൈപിടിക്കാതെ നിന്നത്? അപ്പോൾ അവൻ പറഞ്ഞു: നീ എന്റെയീ വലതുകൈ കണ്ടോ? ഇതിന് സ്വാധീനമില്ല.ഞാൻ ജന്മനാ ഇങ്ങനെയാണ് ഡോക്ടറെ കാണിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഇത് നമുക്ക് ഒരു ശസ്ത്രക്രിയയിലൂടെ മാറ്റിയെടുക്കാം.പക്ഷെ അതിന് അഞ്ചു ലക്ഷം രൂപ വരെ വേണ്ടിവരും. ഇത്രയും രൂപ കൊടുക്കാനുള്ള നിവൃത്തിയൊന്നും എന്റെ കുടുബത്തിനില്ല. അച്ഛന് കൂലിപ്പണിയാണ് അമ്മയ്ക്ക് ജോലിയൊന്നുമില്ല.ഞങ്ങളുടേത് ഒരു ദരിദ്രകുടുംബമായിരുന്നു.ഇടയ്ക്കുവച്ച് അച്ഛന്റെ ബാല്യകാലസുഹൃത്തിനെ കണ്ടുമുട്ടിയപ്പോൾ ഞങ്ങളുടെ കുടുംബത്തിന്റെ നിസ്സഹായവസ്ഥ അറിഞ്ഞ് അദ്ദേഹം കുറച്ച് പണം നൽകി സഹായിച്ചു. അതുകൊണ്ടു ഞങ്ങൾ കുറേ കാര്യമൊക്കെ നടത്തി. ദാരിദ്ര്യമൊക്കെ കുറേ മാറിയെന്നു കരുതി സന്തോഷിച്ചിരിക്കുമ്പോഴായിരന്നു അച്ഛന്റെ മരണം. അതിന് ശേഷമാണ് ഞാനറിയുന്നത് അമ്മയ്ക്ക് കാൻസറാണെന്ന് വൈകാതെ അമ്മയും മരിച്ചു. ഇപ്പോൾ ഞാനെന്റെ അമ്മാവന്റെ വീട്ടിലാണ് താമസം. അമ്മാവന് എന്നോട് വലിയ ഇഷ്ടമാണ്.പക്ഷെ അമ്മായിക്കും മക്കൾക്കും ഞാൻ കൺവെട്ടത്തു ചെല്ലുന്നതുപോലും ഇഷ്ടമല്ല. എന്നെ കാണുന്നത് ചതുർത്ഥികാണുന്നതുപോലെയാണ്.ഈസ്കൂളിൽ എന്നെ ആർക്കും ഇഷ്ടമല്ല.ഒന്നാമത് ഞാനൊരു താഴ്ന്നജാതിക്കാരനാണ്.പിന്നെ എന്റെയീ സ്വാധീനമില്ലാത്ത കൈയ്യും കൂടി ഉള്ളതുകൊണ്ട് ആരും എന്നോട് അടുക്കാറുപോലുമില്ല. നീ എന്റെ കൂട്ടുകാരനാവാമോ? എന്നവൻ എന്നോട് ചോദിച്ചു. ഇതെല്ലാം അവൻ എന്നോട് പറഞ്ഞുകഴിഞ്ഞപ്പോൾ എനിക്കവനോട് സഹതാപം തോന്നി. പിന്നെ ഞങ്ങൾ ഉറ്റചങ്ങാതിമാരായി.ഈ സ്കൂളിലെ കുട്ടികൾക്ക് നിന്നെക്കുറിച്ചുള്ള എല്ലാ ധാരണയും നമുക്ക് മാറ്റിയെടുക്കണം. പിന്നീടാണ് ഞങ്ങൾ അറിയുന്നത് ബസിൽ വച്ച് രാമുവിനോട് മോശമായി പെരുമാറിയ ആ സ്ത്രീ ഞങ്ങളുടെ സക്ൂളിലേക്ക് പുതിയതായി വന്ന അധ്യാപികയായിരുന്നുഎന്ന്. സ്കൂളിൽ വച്ച് രാമുവിനെ കണ്ടപ്പോൾ അവർ അവനോട് അതിന്റെ ദേഷ്യം പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ ഞാനവന്റെ കാര്യങ്ങളെല്ലാം ടീച്ചറോട് പറയുകയും, അതെല്ലാം കേട്ട് അവർ കരഞ്ഞുകൊണ്ട്അവനോട് മാപ്പു പറയുകയും കുറച്ച് പണം അവന് നൽകുകയും ചെയ്തു.ഒരു ദിവസം പി.റ്റി സാർ എല്ലാവരെയും മൈതാനത്തിലേക്ക്കൊണ്ട് പോയി. കുട്ടികളാരും എന്നെയും രാമുവിനേയും കൂടെ കളിപ്പിക്കാൻ കൂട്ടാക്കിയില്ല. കുട്ടികൾ കളിച്ചുകൊണ്ടിരിക്കെ ഹെഡ്മാസ്റ്ററുടെ വിളിവന്ന് പി.റ്റി സാർ സ്കൂളിലേക്ക് പോയി. പൊടുന്നനെയാണ് ഇന്ന് നാടിന് ഭീഷണിയായികൊണ്ടിരിക്കുന്ന തെരുവുനായ്ക്കൾ കൂട്ടത്തോടെ കുട്ടികളെ ആക്രമിക്കാൻ തുടങ്ങിയത്. ഇഢ് കണ്ട് കുട്ടികൾ പരിഭ്രാന്തരായി ചിതറിയോടി. എന്നാൽ സമചിത്തതയോടെയും ധൈര്യം കൈവിടാതെയും രാമു പൂർവ്വാധികം ശക്തിയോടെ തന്റെ ഇടതുകൈ ഉപയോഗിച്ച് കല്ലുകൾ എറിഞ്ഞും, കമ്പുകൾ വീശിയും നായകളെ ഓടിച്ചുവിട്ടു. ഇതുകണ്ട് തിരിഞ്ഞോടിയ കുട്ടികൾ കൂട്ടത്തോടെ രാമുവിന്റെ അടുത്തേക്ക് ഓടിയെത്തുകയും അവനെ ആലിംഗനംചെയ്യുകയും ചെയ്തു. ഇതുവരെ എല്ലാവരുടേയും കണ്ണിൽ കരടായിരുന്ന അവൻ ആ സംഭവത്തിന് ശേഷം എല്ലാവരുടേയും കണ്ണിലുണ്ണിയായി മാറി.ഇത്രയും കാലം നരകതുല്യമായിരുന്ന അവന്റെ ജീവിതം എല്ലാവരുടേയും സ്നേഹം കിട്ടിയപ്പോൾ സ്വർഗ്ഗമായി മാറി.

ഗുണപാഠം: സൗഹൃദത്തിന് ജാതിയും മതവും ഇല്ല.
ഏതൊരാൾക്കും സൗഹൃദത്തിലേർപ്പെടാം താഴ്ന്നജാതിക്കാർ, ഉയർന്നജാതിക്കാർ കറുത്തവർ, വെളുത്തവർ എന്നിങ്ങനെ വേർതിരിക്കുന്നവർ ഇത് മനസ്സിലാക്കുക!

നന്ദന പ്രമോദ് IX.A

# അധ്വാനത്തിന്റെ മാഹാത്മ്യം

ഒരിടത്തൊരു അദ്വാനിയായ കൃഷിക്കാരൻ ഉണ്ടായിരുന്നു ആ കൃഷിക്കാരന് ആരോഗ്യം ഉള്ള രണ്ടുമക്കൾ ഉണ്ടായിരുന്നു ആ വീട്ടിലെ കാര്യങ്ങൾ നോക്കിയിരുന്നത് ആ പാവപ്പെട്ട കൃഷിക്കാരൻ ആയിരുന്നു .അദ്ദേഹത്തിന് മക്കളുടെ കാര്യം ഓർത്തു എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു .കൃഷിക്കാരന് വയസ്സായി വരുന്നത് കൊണ്ട്  അദ്ദേഹം അതിനൊരു പോംവഴി കണ്ടു .അവരെ ഒരു പാഠം പഠിപ്പിക്കണം എന്ന് തീരുമാനിച്ചു .അങ്ങനെ ഈ കർഷകൻ രണ്ടു മക്കളെയും വിളിപ്പിച്ചു എന്നിട്ടു അവരോടു പറഞ്ഞു കൃഷിയിടത്തിൽ ഞാൻ കുറച്ചു നാണയങ്ങൾ നട്ടിട്ടുണ്ട് ,അത് ഇനി കിളച്ചു വരാറായി അത് നിങ്ങൾ തുല്യരായി എടുക്കുക എന്ന് അവരോടു ആ അദ്വാനിയായ മനുഷ്യൻ പറഞ്ഞു .അങ്ങനെ പിറ്റേ ദിവസം അവർ മത്സരിച്ചു കിളച്ചു എന്നിട്ടും അവർക്കു ഒന്നും കിട്ടിയില്ല അപ്പോൾ അവർ അച്ഛന്റെ അടുത്തു ചെന്നിട്ടു പറഞ്ഞു അവിടെ ഒന്നും കിട്ടിയില്ല എന്ന് .അപ്പോൾ അച്ഛൻ അവരോടു പറഞ്ഞു ഞാൻ അവിടെ നട്ടത് നാണയങ്ങൾ അല്ല നെല്മണികളാണ് .ഇപ്പൊൾ നിങ്ങൾ അവിടമെല്ലാം ഉഴുതു . ഇനി അത് നെല്മണി കളാകുമ്പോൾ നിങ്ങൾ തുല്യമായി എടുത്തു നിങ്ങൾ നിങ്ങൾക്കു വേണ്ടി ജീവിക്കുക



ശരണ്യ .എ .എസ് ,IX.A



# ലഹരി വസ്തുക്കൾ സൃഷ്ട്ടിക്കുന്ന പ്രശനങ്ങൾ

ലഹരി വസ്തുക്കൾ സങ്കീർണമായ സാമൂഹ്യ പ്രശനങ്ങൾ സൃഷ്ടിക്കുന്നു.
ആരോഗ്യം ,സംസ്കാരം ,സമ്പത്തു ,പഠനം ,മാനുഷിക ബന്ധങ്ങൾ
എന്നിവയെല്ലാം തകർത്തെറിയുന്ന ലഹരിവസ്തുക്കൾ കണിശമായും
വർജിക്കണം.കുട്ടികളും മുതിർന്നവരും എല്ലാവരെയും ധിക്കരിച്ചു സ്വന്തം
സുഖത്തിനായി ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നു . ഒരു 'അമ്മ
അവരുടെ കുട്ടിയെ വളർത്തുമ്പോൾ തീർച്ചയായും അവർക്കു ഭയമാണ്
ചീത്ത കൂട്ടുകൂടി മദ്യത്തിനും മയക്കുമരുന്നിനും പുകയിലേക്കും അവർ
അടിമപ്പെടുന്നുവോ.ലോകത്തിൽ പത്തിലൊരാൾ എന്ന ക്രമത്തിൽ
പ്രതിവർഷം അമ്പതു ലക്ഷത്തോളം ആൾക്കാരുടെ മരണത്തിനു
കാരണമാകുന്നു ലഹരി വസ്തുക്കൾ
ലഹരി വസ്തുക്കളുടെ ഉപയോഗം വിട്ടുമാറാത്ത
ചുമ,രക്തസമ്മർദ്ദം,ഹൃദ്രോഗം, എന്നിവയ്ക്ക് കാരണമാകുന്നു
കൂടാതെ നാവ്,വായ
,കരൾ,തൊണ്ട,ശ്വാസകോശം,അന്നനാളം,പാൻക്രിയാസ് ,കരൾ
തുടങ്ങിയവയുടെ കാൻസറിനും കാരണമാകുന്നു .പതുക്കെ തുടങ്ങുന്ന
ലഹരി ഉപയോഗം പിന്നീട് ഒരിക്കലും ജീവിതത്തിൽ ഒഴിവാക്കാൻ
കഴിയാത്ത ഒന്നായി മാറും.ഇത് വളരെ അപകടമാണെന്ന്
മനസിലാക്കുക .

Vismaya Reji.I,9A

## ഓർമകൾ

ജാലകമെല്ലാമടക്കു കിനാവിന്റെ കാറ്റനങ്ങാത്ത
മനസ്സിന്റെ ജാലകം ഉച്ചയുറക്ക ചടവുമായി ഞാൻ എന്റെ വിശ്വാസത്തിന്റെ
വെയിൽപ്പാത താണ്ഡവേ
ദൂരെനിന്നേതുവിലാപം നിരത്തിനുംഭ്രാന്ത് പുലമ്പുമമ്മക്കു മെത്ര കാതം
നിരത്തിനുംചേലയുറിയും വിശപ്പിനുമിടയ്ക്കെത്രദൂരം മരങ്ങളിലാരം
തിരുമുറിവേൽക്കുന്നു മൃതിയുടെപോക്കിളിൽകത്രികപ്പടായ്
മരങ്ങൾമുറിയുന്നു പൂത്തൊരമ്പെല്ലാം നുറുങ്ങി കൊന്നക്കയ്ക്ക് കീഴെ ചിതറുന്നു
സൗവർണസ്വപ്നങ്ങൾ ഒക്കെയുമോർമകൾമാത്രം
ഗതകാലസ്വപ്നങ്ങൾതൻ സ്നിഹ്ദചിത്രങ്ങൾമാത്രം, നമ്മുക്കുതീമണ്ണുമാത്രം
മുളക്കാത്ത കുഴികളും കാർമേഘ വന്ധ്യമാനന്തമാം ആകാശസീമയുംമാത്രം



സാന്ദ്ര .ജെ .എസ് ,9.എ

## വഴികാട്ടി

നീനടന്നകന്നവഴിയിലേകാൽപ്പാടുകൾ
ആണെൻവഴികാട്ടി നീതെളിയിച്ചുവെച്ചദീപത്തിൽ
കിരണമാണെന്റെവെളിച്ചം
നീപകർന്നുനിന്നശയങ്ങളന്റെസ്വപ്നങ്ങൾ
നീയാരാണെന്നെനിക്കയറിയില്ല
നിന്നെത്തേടനാനേജീവിതം

Anjitha .9 A

# ജെസീക്ക ആകണോ

ഇരു കൈകളുമില്ലാതെ പിറന്ന വീണ പെൺകുട്ടി ആണ് ജെസീക്ക
കോക്സ്

നമ്മൾ നമ്മുടെ ചെറിയ കുറവുകൾ ഓർത്തു എപ്പോഴും ദുഖിക്കാറുണ്ട്
എന്നാൽ ജെസീക്കയെ കുറിച്ചറിയുമ്പോൾ നമ്മുടെ എല്ലാവിധ
തെറ്റിദ്ധാരണകളും മാറും
ആകാശത്തുകൂടി പറക്കുന്ന പൈലറ്റാവണം എന്നായിരുന്നു
ജെസീക്കയുടെ ആഗ്രഹം
പക്ഷെ ഇരു കൈകാലുമില്ലാത്ത കുട്ടിക്ക് എങ്ങനെ വിമാനത്തിന്റെ
നിയന്ത്രണം

കൈപ്പിടിയിലൊതുക്കാൻ സാദിക്കും . പലരുടെയും ചിന്ത അതായിരുന്നു
കൈപ്പിടിയിലൊതുക്കുന്നതിനല്ലേ പ്രശനമുള്ളു
കാൽപ്പിടിയിലൊതുക്കിയാലോ
അതായിരുന്നു ജെസീക്ക ചിന്തിച്ചിരുന്നത് തനിക്കു രണ്ടു കാലുകളുണ്ടല്ലോ
ഈ കാലുകൾ ഉപയോഗിച്ച് എന്തുകൊണ്ട് വിമാനം നിയന്ത്രിച്ചുകൂടാ
അങ്ങനെ തീവ്രമായ ആഗ്രഹവുമായി ജെസീക്ക പഠനം തുടർന്നു
ഒടുവിൽ തന്റെ കഠിനാധ്വാനവും നിചയദാർഢ്യവും കൊണ്ട് ഇരു
കാലുകൾ ഉപയോഗിച്ച്
വിമാനം പരത്തുന്ന ആദ്യത്തെ വനിതാ പൈലറ്റെന്ന റെക്കോർഡോടെ
ഇന്ന് അവൾ

അനേകർക്ക് പ്രചോദനം നൽകി മുന്നേറുന്നു .

സോഫിയ.എസ്.ബേബി 9.ബി





ചന്ദന .ബി ,9.A





വൈഷ്ണവി .എസ് .9.എ








സൈനോ സജി ,9.എ

# മഹാകവി ജി.ശങ്കരക്കുറുപ്പ്

കവിത്രയത്തിന്റെ പ്രഭാവം ഇന്നലെകളുടേതാക്കി തീർത്തു കൊണ്ട് മലയാള സാഹിത്യത്തിനു നവീനമായ ഒരദ്ധ്യായം എഴുതിച്ചേർത്ത കവികളിൽ പ്രധാനിയായിരുന്നു ജി. ശങ്കരക്കുറുപ്പ്. എന്നാൽ വള്ളത്തോളിന്റെയും ഉള്ളൂരിന്റേയും കുമാരനാശാന്റെയും കാവ്യങ്ങൾ തന്നെ ഏറെ സ്വാധീനിച്ചിരുന്നുവെന്ന് ശങ്കരക്കുറുപ്പ് വ്യക്തമാക്കിയിട്ടുമുണ്ട്. റൊമാന്റിക് ഭാവുകത്വവും മാർക്സിയൻ സാഹിത്യ ദർശനവും ഒരുപോലെ മലയാള സാഹിത്യത്തെ സ്വാധീനിച്ചിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു ജി. കാവ്യസപര്യ സമാരംഭിക്കുന്നത്.

1923-ലാണ് ജി. ശങ്കരക്കുറുപ്പിന്റെ ആദ്യ കാവ്യ സമാഹാരമായ 'സാഹിത്യ കൗതുകം' പ്രസിദ്ധീകരിക്കപ്പെട്ടത്. ഇതിൽ 1917 മുതൽ 1922 വരെയുള്ള കവിതകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ രണ്ടാം ഭാഗം 1925-ലും മൂന്നാംഭാഗം 1927-ലും നാലാം ഭാഗം 1930-ലും പുറത്തിറങ്ങി. കൈനിക്കര കുമാരപിള്ളയുടെ അവതാരികയോടെ 1946-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'സൂര്യകാന്തി' ശ്രദ്ധേയമായ ഒരു കൃതിയാണ്. പൂജാപുഷ്പം, നിമിഷം, നവാതിഥി, ഇതളുകൾ, പഥികന്റെ പാട്ട്, മുത്തുകൾ, അന്തർദ്ദാഹം, ചെങ്കതിരുകൾ, ഓടക്കുഴൽ, വിശ്വദർശനം, മധുരം സൗമ്യം ദീപ്തം, സന്ധ്യാരാഗം തുടങ്ങിയവ ജിയുടെ പ്രധാന കൃതികളാണ്. ഇതിൽ 'ഓടക്കുഴൽ' 1965-ൽ ജ്ഞാനപീഠ പുരസ്കാരത്തിനർഹമായി. ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട ഓടക്കുഴൽ 'ബാംസുരി' എന്ന പേരിൽ ഹിന്ദിയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. കേന്ദ്ര സാഹിത്യ അക്കാദമി ജിയുടെ പ്രധാനപ്പെട്ട ചില കവിതകൾ 'തെരഞ്ഞെടുക്കപ്പെട്ട കാവ്യങ്ങൾ' (Selected Poems) എന്ന പേരിൽ ഇംഗ്ലീഷിൽ പ്രകാശനം ചെയ്തിട്ടുണ്ട്. ജിയുടെ നിരവധി കവിതകൾ റഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ജി. രചിച്ച 'മേഘച്ഛായ' കാളിദാസന്റെ മേഘസന്ദേശത്തിന്റെ വിവർത്തനമാണ്. 'വിലാസലഹരി' പേർഷ്യൻ കാവ്യമായ റുബായിയത്തിന്റെ വിവർത്തനവും. ടാഗോറിന്റെ 'ഗീതാഞ്ജലി' ബംഗാളിയിൽ നിന്ന് കവി നേരിട്ട് വിവർത്തനം ചെയ്തതാണ്. ഗദ്യോപഹാരം, ലേഖനമാല, രാക്കുയിലുകൾ എന്നിവ ജി.യുടെ ലേഖന സമാഹാരങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ബാലസാഹിത്യ മേഖലയിലും കവിഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സാഹിത്യ പരിഷത്തിന്റെ ത്രൈമാസികത്തിന്റെ പത്രാധിപത്യച്ചുമതലയും കുറേക്കാലം ജി. വഹിച്ചിട്ടുണ്ട്. പിൽക്കാലത്ത് തിലകം എന്ന പേരിൽ ഒരു ആനുകാലികം ജി. തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1977 ജൂൺ 22-ലെ മനോരാജ്യം വാരികയിൽ പ്രസിദ്ധപ്പെടുത്തിയ 'അന്തിവെൺമുകിലാ'ണ് ജി. എഴുതിയ അവസാനത്തെ കവിത. മലയാള ഭാഷയെയും സാഹിത്യത്തെയും അതിധന്യമാക്കിത്തീർത്ത ആ മഹൽ ജീവിതം 1978 ഫെബ്രുവരി 2 ന് അവസാനിച്ചു.



വൈഷ്ണവ് .ജെ ,9.എ

## ക്രൂരത

അംഗഭംഗികൾ എല്ലാം നഷ്ടമായി

വ്രണിതമാണ് ശരീരം

മരണത്തിന്റെ തലോടലിനായി കാത്തിരിക്കുന്നു

സംരക്ഷകയായ എന്നെ നിങ്ങൾ ശത്രുവിന് തുല്യം കണ്ടു

സഹനമാണെങ്കിലും എത്രനാളിങ്ങനെ

സഹിക്കുകയല്ലാതെ മറ്റെന്തു മാർഗം

നിൻ നിയന്ത്രണത്തിൽ കഴിയുമെന്ന് നീ കരുതിയത് വ്യര്ഥമായി

വിവേകമുള്ളവർ തന്നെ വിഡ്ഢികളായ് മാറി

അവസാന ജീവനും അകലും സമയത്തെങ്കിലും

നിൻ അത്യാഗ്രഹം തീരുമോ

വളരുമോരു ജീവന്റെ കണ്ണി

പാഠമാകട്ടെ നിൻ ജീവിതം

പാടിപറതട്ടെ ഈ അബത്തം



ദേവിശ്രീ ,എസ് ,9.എ

## നിങ്ങളെൻ ലോകത്തെ എന്ത് ചെയ്തു

ഒരു തള്ളക്കിളി അരുമക്കുഞ്ഞുങ്ങൾക്കു ഇരയുമായി

ഇതാ തിടുക്കത്തിൽ പറന്നണയുന്നു

പെട്ടന്നവൾ നടുങ്ങുന്നു പിടയുന്നു ചുറ്റിപ്പറന്നുഴലുന്നു

അവളുടെ വിളി മനുഷ്യ ഭാഷയിൽ ഇതായിരിക്കാമെന്നെനിക്കു

തോന്നുന്നു .നിങ്ങളെൻ ലോകത്തെ എന്ത് ചെയ്തു

ചന്ദ്രേര ശിവ ,9.ബി



# മഴച്ചൊല്ലുകൾ

മേടം തെറ്റിയാൽ മോടൻ തെറ്റി

വെയിലും മഴയും കുറുക്കന്റെ കല്ല്യാണം കർക്കടകം കഴിഞ്ഞാൽ ദുർഘടം കഴിഞ്ഞു

കർക്കടകത്തിൽ പത്തില കഴിക്കണം

കർക്കിടക ഞാറ്റിൽ പട്ടിണി കിടന്നതു പുത്തിരി കഴിഞ്ഞാൽ മറക്കരുത്

കർക്കിടകച്ചേന കട്ടിട്ടെങ്കിലും തിന്നണം

കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം

കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും വിള

തുലാപത്ത് കഴിഞ്ഞാൽ പിലാപൊത്തിലും കിടക്കാം

മകരത്തിൽ മഴ പെയ്താൽ മലയാളം മുടിഞ്ഞു പോകും

മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല



അഞ്ജന .9.B



# കണക്ക്

നീ കണക്കിലാവില്ലന്ന അച്ഛൻ പറഞ്ഞപ്പോളാണ് ഞാൻ
കണക്കു പഠിക്കാൻ  തുടങ്ങിയത്
തലയിൽ കളിമണ്ണാണെന്ന ശങ്കരൻ കുട്ടി മാഷ്
തീർപ്പാക്കിയപ്പോളാണ്
ഞാൻ ശില്പങ്ങൾ ഉണ്ടാക്കാൻ തീർച്ചയാക്കിയത്
ഹൃദയരേഖയിൽ ചൂരൽ പിടഞ്ഞപ്പോൾ എണ്ണിയ നക്ഷത്രങ്ങളിൽ നിന്നാണ്
ഞാൻ കവിത എഴുതാൻ തുടങ്ങിയത്
മനകണക്കിൽ കുട്ടിയ പൂജ്യങ്ങളിൽ കൂടിയാണ് ഞാൻ സർക്കസ് അഭ്യാസി ആയത്
ഒടുവിൽ ടപ്പീസിന്റെ ആകാശവേഗതയിൽ നിന്ന് ഞാൻ തെറിച്ചു വീണത്
പൈത്തഗോറസിന്റെ മട്ടത്രികോണത്തിലേക്കായിരുന്നു
ഞാൻ കണക്കിലായി എന്ന് അച്ഛനോട് പറയാൻ  ഓടിയെത്തിയപ്പോഴേക്കും
ഭൂമിയുടെ ഗുരുത്വകർഷണ വലയം ഭേദിച്ചു അച്ഛൻ സ്വാതന്ത്രനായി കഴിഞ്ഞിരുന്നു
അതുകൊണ്ടാകണം ഗുരുത്വം നഷ്ടപ്പെട്ട എനിക്ക് കൽത്തൊട്ടിയിൽ നിന്നും
ആർകിമിഡീസിന്റെ വ്യാപ്തത്തോളം പുരയ്ഹ് വന്ന വെള്ളത്തിന്റെ അളവിൽ
അധികാരത്തിന്റെ സ്വർണ്ണത്തൊപ്പിയിൽ അടങ്ങിയ കലർപ്പിന്റെ കണക്കു രഹസ്യം
ഇതുവരെ മനസിലാകാതിരുന്നത് .



# കുമാരനാശാൻ

***1873*** ഏപ്രില് മാസം ***12 )***0 തീയതി തിരുവനന്തപുരം ജില്ലയില് കായിക്കര ഗ്രാമത്തില് തൊമ്മന് വിളാകത്ത് നാരായണന്റെയും, കാളിയമ്മയുടെയും മകനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം  പഠനവും കണക്കെഴുത്ത് ജോലിയുമായി കഴിയവേ ശ്രീ നാരായണ ഗുരുദേവനുമായി പരിചയപ്പെട്ടു . കാവ്യ രചനയില് താല്പര്യമുണ്ടായിരുന്ന കുമാരന് അരുവിപ്പുറം മഠത്തില് എത്തി ചേര്ന്നു.  തികഞ്ഞ ബ്രഹ്മചാരിയായി ആശ്രമത്തില് കഴിയവേ കുമാരന്റെ കഴിവുകള് കണ്ട ഗുരു അദ്ധേഹത്തെ ഡോക്ടര് പല്പവിന്റെ സംരക്ഷണയില് ബംഗ്ലൂരിലും, മദ്രാസിലും, കല്ക്കട്ടയിലും ഉപരി പഠനത്തിനായി അയച്ചു.

***1903*** ല് എസ് എന് ഡി പി യോഗം സ്ഥാപിച്ചപ്പോള് ആദ്യ ജനറല് സെക്രട്ടറി ആയി കുമാരനാശാന് . ***1904*** ല് യോഗത്തിന്റെ മുഖപത്രമായ വിവേകോദയം ആശാന്റെ പത്രാധിപത്യത്തില് ആരംഭിച്ചു. ***1914*** ല് യോഗത്തിന്റെ പ്രധിനിധിയായി ശ്രീമൂലം പ്രജാ സഭയിലേക്ക് നോമിനേറ്റ് ചെയ്യപെട്ടു. അക്കാലത്തു പിന്നോക്ക സമൂഹത്തിന്റെ അവകാശങ്ങള്ക്കായി ശ്രേദ്ധേയമായ പ്രസംഗങ്ങള് നടത്തി .

***1919*** ല് യോഗത്തിന്റെ ജനറല് സെക്രട്ടറി സ്ഥാനത്തുനിന്നും വിരമിച്ച ആലുവ ആശ്രമത്തിന്റെ മാനേജര് ആയി. മലയാള സാഹിത്യത്തിനു വിശിഷ്ടങ്ങളായ കാവ്യങ്ങള് സമ്മാനിച്ച ആ മഹാനുഭാവന് കൊല്ലത്തുനിന്ന് ആലപുഴയ്ക്കുള്ള ഒരു ബോട്ട് യാത്രയില് ***(*** റെഡിമര് എന്ന ബോട്ട് ***)***  പല്ലനയാറ്റില് വച്ച് അപകടത്തില് പെട്ട് ഭൌതിക ലോകത്തോട് വിട പറഞ്ഞു.

പ്രധാന കൃതികള് – ശ്രീ നരായണ ഗുരുവിന്റെ ജീവചരിത്രം, വീണ പൂവ്, നളിനി, ലീല, ദുരവസ്ഥ, പ്രബോധ ചന്ദ്രോദയം, ചിന്താവിഷ്ടയായ സീത.



**ആർദ്ര എസ് ഭദ്രൻ .9.എ**